ഉത്തരം

(എ)&(ബി) വാഹന അപകടങ്ങളും നിസ്സാരകുറ്റകൃത്യങ്ങളും ഉൾപ്പെടെയുള്ള കേസ്സുകളുടെ എണ്ണവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച ചെറിയ പരാതികൾക്ക് പോലും കേസുകൾ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും ഉൾപ്പെടെയുള്ള സംസ്ഥാനത്തിലെ ആകെ കേസ്സുകളിൽ 1997 ലേതിനേക്കാൾ (0.5%) നേരിയ വർദ്ധനവ് മാത്രമാണ് 1998 ൽ ഉണ്ടായിട്ടുള്ളത്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടുപ്രകാരം ആകെ ഐ.പി.സി. കേസുകളുടെ എണ്ണത്തിൽ 1996-ൽ കേരളത്തിന് 4-ാം സ്ഥാനവും 1997-ൽ 3-ാം സ്ഥാനവുമാണ്. എന്നാൽ ഈ വർഷങ്ങളിൽ ഉണ്ടായ വാഹനാപകടകേസുകളുടെയും നിസാര ഉപദ്രവകേസുകളുടെയും എണ്ണം കുറച്ചാൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്.

(സി) തെളിയിക്കപ്പെടാത്ത കേസുകളിൽ കാലാകാലങ്ങളിൽ അവലോകനം നടത്തി നടപടി സ്വീകരിക്കുന്നതിനു പുറമേ ഇത്തരം കേസുകളിൽ പ്രത്യേക അന്വേഷണം നടത്തി കേസ് എത്രയും വേഗം തെളിയിക്കുന്നതിന് ഊർജ്ജിതമായ ഒരു പ്രത്യേക സംവിധാനം എന്ന നിലയിൽ എല്ലാ പോലീസ് ജില്ലകളിലും ഒരു സി.ഐ.യുടെ നേതൃത്വത്തിൽ ഡിസ്ട്രിക്റ്റ് അൺഡിറ്റക്റ്റഡ് പ്രോപ്പർട്ടി ഒഫൻസ് ഡിറ്റക്ഷൻ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ

47(1521)ശ്രീ. ഇ. എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ എത്ര വീതമാണ്;

(സി) ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) 1.6.96 മുതൽ 31.1.2000 വരെ പോലീസിന് നേരിട്ടെടുക്കാവുന്ന '399113' കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)&(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ക്രിമിനൽ കേസ്സുകൾ പിൻവലിക്കുന്നത് സംബന്ധിച്ച്

48 (1522)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly